## ജുമുഅഃ ദിനത്തിലെ പ്രാർഥന

ജുമുഅഃ ദിനത്തിലെ അവസാനയാമത്തിൽ പ്രാർഥിക്കാൻ പ്രത്യേകം ശ്രമിക്കേണ്ടതാകുന്നു. അബ്ദുല്ലാഹിബ്നു സലാം (റ) പറയുന്നു: "റസൂൽ (സ) തിരുമേനി ഒരിടത്ത് ഇരിക്കുകയായിരുന്നു. അപ്പോൾ ഞാൻ തിരുമേനിയോടു ചോദിച്ചു: ജുമുഅഃ ദിവസത്തിൽ ഒരു പ്രത്യേക യാമമുണ്ടെന്നും ആ സമയത്ത് സത്യവിശ്വാസിയായ ഒരടിയാൻ നമസ്കരിച്ചുകൊണ്ട് അല്ലാഹുവിനോട് ഏതൊരു കാര്യത്തിനുവേണ്ടി പ്രാർഥിക്കുന്നുവോ അക്കാര്യം അല്ലാഹു അവന്നു നിറവേറ്റിക്കൊടുക്കാതിരിക്കയില്ലെന്നും ഞങ്ങൾ അല്ലാഹുവിന്റെ കിത്താബിൽ കാണുന്നുവല്ലോ." അപ്പോൾ 'അല്ലെങ്കിൽ ഒരല്പസമയം' എന്ന് തിരുത്തിക്കൊണ്ട് തിരുമേനി എന്റെ നേരെ ആംഗ്യം കാണിച്ചു. ഞാൻ പറഞ്ഞു: "താങ്കൾ പറഞ്ഞത് ശരിയാണ്. അല്ലെങ്കിൽ ഒരല്പസമയം തന്നെ. എന്നാൽ ഏതു സമയമാണത്?" തിരുമേനി പറഞ്ഞു: "പകലിലെ അവസാനത്തെ സമയം." ഞാൻ ചോദിച്ചു:"നമസ്കാരത്തിന്റെ സമയമല്ലല്ലോ അത്?" തിരുമേനി പറഞ്ഞു: "സത്യവിശ്വാസിയായ അടിയാൻ ഒരു നമസ്കാരം കഴിഞ്ഞു മറ്റൊരു നമസ്കാരത്തിനുവേണ്ടി കാത്തിരിക്കുകയാണെങ്കിൽ, നമസ്കാരം മാത്രമാണ് അവനെ ഇരിക്കാൻ പ്രേരിപ്പിക്കുന്നതെങ്കിൽ, അപ്പോഴെല്ലാം അവൻ നമസ്കാരത്തിൽതന്നെയാണ്." (ഇബ്നുമാജ)

ജുമുഅഃ ദിനത്തിൽ ഒരു പ്രത്യേക സമയമുണ്ടെന്നും മുസ്ലിമായ ഒരു അടിയാൻ അല്ലാഹുവോട് വല്ല നന്മയും ചോദിക്കുന്നത് ആ സമയത്തോടൊത്തുവന്നാൽ അല്ലാഹു അവന്നതു നിറവേറ്റിക്കൊടുക്കാതിരിക്കില്ലെന്നും അത് അസറിന്റെ ശേഷമാണെന്നും നബി (സ) പറഞ്ഞതായി അബൂസഈദ്, അബൂഹുറയ്റ (റ) എന്നിവർ നിവേദനംചെയ്യുന്നു.

(رواه احمدقال العراقی : صحيح)

നബി (സ) പറഞ്ഞതായി ജാബിർ (റ) പ്രസ്താവിക്കുന്നു. "ജുമുഅഃ ദിവസം പന്ത്രണ്ട് മണിക്കൂറുണ്ട്. അക്കൂട്ടത്തിൽ ഒരു മണിക്കൂറുണ്ട്; അതിൽ അല്ലാഹുവോട് മുസ്ലിമായ ഒരടിയാൻ വല്ലതും ചോദിക്കുന്ന പക്ഷം അല്ലാഹു അതവന്ന് നിറവേറ്റിക്കൊടുക്കാതിരിക്കില്ല. അസറിനു ശേഷം അവസാനത്തെ മണിക്കൂറിൽ അത് നിങ്ങൾ അന്വേഷിക്കുവിൻ."

(رواه النســـائی وأبوداود والحاكم فی المستدرك وقال: صحيح على شرط مسلم وحسنه الحافظ اسناده فی الفتح)

നബിയുടെ സഹാബിമാരിൽ കുറേപേർ ഒരിടത്ത് സമ്മേളിക്കുകയും ജുമുഅഃ ദിനത്തിലെ ആ പ്രത്യേക മണിക്കൂറിനെപ്പറ്റി ചർച്ച നടത്തുകയും എന്നിട്ട് അത് ജുമുഅഃ ദിവസത്തിലെ അവസാന മണിക്കൂറാണെന്ന വിഷയത്തിൽ അവർക്കിടയിൽ ഭിന്നാഭിപ്രായമില്ലാത്ത വിധത്തിൽ അവർ പിരിഞ്ഞുപോവുകയും ചെയ്തുവെന്ന് അബൂസലമത്തുബ്നു അബ്ദിർറഹ്മാൻ നിവേദനംചെയ്തതായി സഈദ് തന്റെ സുനനിൽ ഉദ്ധരിച്ച ഹദീസിലുണ്ട്.(صححه الحافظ فی الفتح)

അഹ്മദുബ്നു ഹമ്പൽ പറയുന്നു: "പ്രാർഥന സ്വീകരിക്കപ്പെടുമെന്ന പ്രതീക്ഷയുള്ള ആ മണിക്കൂർ അസറിന്റെ ശേഷമാണെന്നത്രെ അധിക നബിവചനങ്ങളും കുറിക്കുന്നത്. സൂര്യൻ ഉച്ച തിരിയുന്നതു മുതൽ അത് പ്രതീക്ഷിക്കുകയും ചെയ്യാം. എന്നാൽ പ്രസ്തുത സമയം ഇമാം (മിമ്പറിൽ) ഇരുന്നത് മുതൽ നമസ്കാരം തീരുന്നതിനിടയ്ക്കുള്ള സമയത്താണെന്ന് നബി (സ) പറഞ്ഞതായി താൻ കേട്ടുവെന്നും അബൂമൂസ (റ) മുഖേന മുസ്ലിമും അബൂദാവൂദും ഉദ്ധരിച്ച ഹദീസിനെ സംബന്ധിച്ചേടത്തോളം അതിന്റെ പരമ്പര ചേർന്നതല്ലെന്നും അതിന്റെ നിവേദനത്തിൽ അസ്ഥിരതയുണ്ടെന്നും ഹദീസ്പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിരിക്കുന്നു."